IV. അടിയന്തിരപ്രമേയം

കേരള-ഗാന്ധിജി-കോഴിക്കോട് സർവ്വകലാശാലകളിലെ പരീക്ഷാക്രമക്കേടുകൾ

മി. സ്പീക്കർ: കോഴിക്കോട് സർവ്വകലാശാല 1985–86-ലെ പ്രീഡിഗ്രി പരീക്ഷാഫലം ഇതുവരെയും പ്രസിദ്ധീകരിക്കാത്തതുമൂലവും കേരള-കോഴിക്കോട് സർവ്വകലാശാലകളിലെ കഴിഞ്ഞവർഷത്തെ ചില പരീക്ഷകൾ ഇതുവരെയും നടത്താത്തതുമൂലവും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിരിക്കുന്ന ഉത്കണ്ഠയും ഉന്നതവിദ്യാഭ്യാസ രംഗത്തെ സ്തംഭനാവസ്ഥയും കാരണം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ചർച്ചചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ബേബിജോൺ, കെ. മുസ്തഫക്കുട്ടി, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ കഴിഞ്ഞ ഏപ്രിൽ മാസം നടത്തിയ കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടാബുലേഷൻ ജോലികൾ ഈ 19-ാം തീയതി പൂർത്തിയായിട്ടുണ്ട്. പ്രീഡിഗ്രി പരീക്ഷാഫലം ഈ മാസം 25-ാം തീയതി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടു റാങ്കുകൾ കരസ്ഥമാക്കിയിട്ടുള്ള കുട്ടികളുടെ പേരും മറ്റു ബന്ധപ്പെട്ട വിവരങ്ങളും ഇതിനോടകം പത്രക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. 25-ാം തീയതി മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്നുള്ള നിബന്ധനയിൽ. അതുപോലെതന്നെ മാറ്റിവച്ച പരീക്ഷകൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാറ്റിവച്ചിരിക്കുന്ന പരീക്ഷകൾ എല്ലാംതന്നെ നടത്താൻവേണ്ടിയിട്ടുള്ള ഷെഡ്യൂളുകൾ അവർ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. മാറ്റിവച്ചിരുന്ന ബി.എ., ബി.എസ്.സി., ബി. കോം ഫൈനൽ പരീക്ഷകൾ ജൂലൈമാസം 30-ാം തീയതി ആരംഭിക്കും. പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സിന്റെ മാറ്റിവച്ചിരുന്ന വൈവ-വോസി പരീക്ഷകൾ നടത്താനുള്ള തീയതികൾ നിശ്ചയിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഫസ്റ്റ് ഇയർ, സെക്കൻറ് ഇയർ, ഫൈനൽ ഇയർ, എൽ. എൽ. ബി. പരീക്ഷകൾ ജൂലൈ മാസം 29-ാം തീയതി ആരംഭിക്കും. പരീക്ഷ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്ന എഞ്ചിനീയറിംഗിന്റെ പരീക്ഷാഫലം അടുത്തയാഴ്ച കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ സമരം ആരംഭിക്കുന്നതിനു മുമ്പുതന്നെ 97 ശതമാനത്തോളം പരീക്ഷാനടത്തിപ്പുകൾ പൂർത്തിയാക്കിയിരുന്നതാണ്. മാറ്റിവച്ചിരുന്ന പരീക്ഷകളെല്ലാംതന്നെ റിവൈസ്ഡ് ഷെഡ്യൂൾ തയ്യാറാക്കി നടത്തുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

മാറ്റിവച്ചിരിക്കുന്ന പരീക്ഷകൾ താഴെ പറയുന്നവയാണ്. ബി.എ., ബി.എസ്.സി., ബി.കോം പാർട്ട് ഫസ്റ്റ് ആൻറ് പാർട്ട് സെക്കൻറ് ഈ പരീക്ഷകൾ 5–8–1986-ന് ആരംഭിക്കുന്നതാണ്. എം. എ., എം.എസ്.സി., എം.കോം (പ്രീവിയസ്), മൂന്നാംവർഷ എൽ.എൽ.ബി., എം.ബി.ബി.എസ്. പരീക്ഷ—ഈ പരീക്ഷകളും 5–8–1986-ൽ തന്നെ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഫൈനൽ സെമസ്റ്റർ എഞ്ചിനീയറിംഗിന്റെ റിസൾട്ട് 5–8–1986–ൽ പ്രസിദ്ധീകരിക്കാനുള്ള നടപടികളും പൂർത്തിയായികഴിഞ്ഞിട്ടുണ്ട്. ഒന്നാംവർഷ എം.ബി.ബി.എസ്–ന്റെ പരീക്ഷാഫലം പബ്ലിഷ് ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗിന്റെ 4–ഉം 7–ഉം സെമസ്റ്റർ പരീക്ഷകളും 21–6–1986–ൽ സ്റ്റാർട്ട് ചെയ്തു; അതിനുള്ള നടപടികളും പൂർത്തിയായിവരികയാണ്. മാറിവച്ച എല്ലാ പരീക്ഷകളും റീഷെഡ്യൂൾ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം 25–ാം തീയതി പ്രസിദ്ധീകരിക്കത്തക്കനിലയിലുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരിക്കുന്ന സാഹചര്യത്തിൽ സഭാ നടപടികളും നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല എന്നാണ് അഭിപ്രായം.

ശ്രീ. ബേബിജോൺ: സർ, നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗം ആകെ വാസ്തവത്തിൽ ഒരു സ്തംഭനാവസ്ഥയിലാണ്. ഇതിൽ പരീക്ഷകളും നടത്തുന്നതിനെക്കുറിച്ചും നടന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം നടത്തുന്നതിനെക്കുറിച്ചും ഒന്നും ചെയ്തിട്ടില്ല. ഫലപ്രഖ്യാപനം നടത്തിയതിൽത്തന്നെ അപാകതകളും തെറ്റുകളും ധാരാളമായി കടന്നുകൂടിയിരിക്കുന്നു. ഇതാണ് നമ്മുടെ വിദ്യാഭ്യാസരംഗത്തെ ദുഃസ്ഥിതി. എത്ര ചെറുപ്പക്കാരുടെ ഭാവിയാണ് ഇതുകൊണ്ട് അപകടത്തിലായിരിക്കുന്നത്? ഇതിനകത്ത് ഞാൻ രാഷ്ട്രീയം കണ്ടുകൊണ്ടല്ല പറയുന്നത്. ഭരണഭാഗത്തുനിന്നും രാഷ്ട്രീയപ്രേരിതമാണിതെന്ന് പറയും. എന്നാൽ രാഷ്ട്രീയം കണ്ടുകൊണ്ടല്ല പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാരുടെ ഭാവി അപകടത്തിലായിരിക്കുന്ന സ്ഥിതി വിശേഷം നാം ഒരുമിച്ച് ആലോചിക്കുകയും ഒരുമിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യണമെന്നുള്ള ആഗ്രഹം കൊണ്ടാണ് പറയുന്നത്. ഇതിന്റെ ഗൗരവം നമ്മുടെ ഭരണാധികാരികളും ശരിക്കും മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. വളരെ ലാഘവത്തോടുകൂടിയാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. കഴിഞ്ഞ പ്രാവശ്യം ഇതുപോലൊരു പ്രശ്നം ഈ നിയമസഭയിൽ ചർച്ചയ്ക്ക് വന്നപ്പോഴും വിദ്യാഭ്യാസരംഗത്ത് ഒരു സ്തംഭനവുമില്ല, എല്ലാം ഭംഗിയായി നടക്കുന്നു, അൽപ്പം ചില കുഴപ്പങ്ങളേയുള്ളൂ എന്ന് വളരെ ലാഘവത്തോടുകൂടിയുള്ള ഒരു സമീപനമായിരുന്നു ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇപ്പോഴും അതിൽക്കവിഞ്ഞൊന്നുമില്ലെന്നാണ് പറയുന്നത്. എത്രയോ പ്രതീക്ഷകളോടുകൂടിയാണ് നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാലയങ്ങളിൽ പോകുന്നത്; അവരെ രക്ഷിതാക്കൾ വിദ്യാലയങ്ങളിലേയ്ക്ക് അയയ്ക്കുന്നത്? അവർ പഠിച്ച് പാസ്സായി ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി കഴിയുന്ന എത്രയോ കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്: അതായത്, എം. ബി. ബി. എസ്., എഞ്ചിനീയറിംഗ് തുടങ്ങിയ ബിരുദങ്ങളെടുത്ത് ജോലിയിൽ പ്രവേശിച്ച് തങ്ങളുടെ കുടുംബങ്ങളെ രക്ഷിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി കഴിയുന്ന എത്രയോ ആയിരം കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്കൊക്കെ ഇന്ന് വേദനമാത്രമാണ്. അവർ വാസ്തവത്തിൽ തീ തിന്നു കഴിയുകയല്ലേ? എന്നെങ്കിലും നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇങ്ങനെയൊരു സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടോ?

ഗാന്ധിജി യൂണിവേഴ്സിറ്റിയെക്കുറിച്ച് നേരത്തെ അടിയന്തിര പ്രമേയത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നില്ല. എനിക്ക് പൂർണ്ണമായി അറിയാത്തതുകൊണ്ടായിരുന്നു. അവിടെയും ബി.എ., ബി.എസ്.സി

LIBRARY ARCHIVES Kerala Legislative Assembly

ബി. കോം. എന്നീ പരീക്ഷകളും പൂർണ്ണമായി , നടന്നിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിലെ പ്രീഡിഗ്രി പരീക്ഷയുടെ റിസൽട്ട് വരുന്ന ഇരുപത്തഞ്ചാം തീയതി പ്രസിദ്ധപ്പെടുത്തുമെന്ന് പറയുന്നു. ഞാനത് മുഖവിലയ്ക്ക് സ്വീകരിക്കുന്നു. അങ്ങ് ഓർക്കുമായിരിക്കും, കഴിഞ്ഞ കേരള സർവ്വകലാശാലയിലെ പ്രീഡിഗ്രി പരീക്ഷാഫലം ഏതോ ഒരു ദിവസം എട്ടുമണിക്ക് പ്രസിദ്ധീകരിച്ചുവെന്ന് ,ബഹുമാന്യനായ വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ ഇന്നും പൂർണ്ണമായി ഫലം വന്നിട്ടില്ല. ഗഡുക്കളായിട്ടാണ് റിസൽട്ട് പ്രസിദ്ധീകരിച്ചത്. ആദ്യത്തെ തവണ കഴിഞ്ഞു, രണ്ടാമത്തെ തവണ കഴിഞ്ഞു. അദ്ദേഹംതന്നെ ഇവിടെ സമ്മതിച്ചു പരീക്ഷകളെല്ലാം പൂർണ്ണമായി നടന്നിട്ടില്ലെന്ന്. നടന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം ഉണ്ടായിട്ടില്ല എന്ന്. എന്താണതിന് പ്രധാനമായ കാരണം? ഞാൻ മനസ്സിലാക്കുന്നത്, ഭരണാധികാരികളുടെ ദുരഭിമാനവും പിടിവാശിയും അൽപ്പത്വവുമാണ് ഈ സ്ഥിതിവിശേഷമുണ്ടാക്കിയതെന്നാണ്. കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്ന ഒരുകാര്യം ഞാൻ സമ്മതിക്കുന്നു. സമരമൊക്കെ തീർന്നയവസരത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ വൈസ്ചാൻസലറും രജിസ്ട്രാറുമൊക്കെ അവിടത്തെ ജീവനക്കാരെ വിളിച്ച്, 'സമരം നിങ്ങളുടെ ആവശ്യത്തിന് നടന്നു. ഇനി നമുക്ക് യോജിച്ച് ഈ റിസൽട്ട് പ്രസിദ്ധപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കണം' എന്നു പറഞ്ഞുവെന്നാണ് ഞാനറിയുന്നത്. ഇത് ആരോഗ്യകരമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കാൻ സഹായമായിരിക്കാം. എന്തായാലും ഫലം ഇതുവരെ വന്നിട്ടില്ല. ബി. എ., ബി. എസ്. സി., ബി. കോം. എന്നിവയുടെ ഒന്നും രണ്ടും വർഷത്തെ പരീക്ഷകളും ഇതുവരെ നടന്നിട്ടില്ല; അത് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. അതിന്റെ ഫലമെന്താണെന്നറിയാമോ? ആ വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടപ്പെട്ടു. അതുമാത്രമല്ല, ഈ പരീക്ഷയിൽ തോറ്റവർക്കും ഇംപ്രൂവ് ചെയ്യേണ്ടവർക്കും സെപ്റ്റംബറിലെ പരീക്ഷ എഴുതാൻ കഴിയുമോ? സെപ്റ്റംബറിലെ പരീക്ഷ ഇനി എന്നു നടത്തും? ഇനി വരുന്ന മാർച്ച് മാസത്തിലായിരിക്കും അവർക്ക് പരീക്ഷ എഴുതാൻ കഴിയുന്നത്. അങ്ങനെ എത്രത്തോളം വിദ്യാർത്ഥികളുണ്ടെന്ന് എനിക്കറിയില്ല. അതിന്റെ കണക്കുകളും ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ? ഞാൻ മനസ്സിലാക്കുന്നത്, ഈ മൂന്നു യൂണിവേഴ്സിറ്റികളിലും കൂടി ബി. എ., ബി. എസ്. സി., ബി. കോം. എന്നിവയുടെ ഒന്നും രണ്ടും വർഷ പരീക്ഷകൾക്ക് ചേർന്നിട്ടുള്ള വിദ്യാർത്ഥികളും ഏകദേശം എഴുപത്തയ്യായിരത്തോളം വരുമെന്നാണ്. കണക്കുകളിൽ അങ്ങോട്ടുമിങ്ങോട്ടും വ്യത്യാസം വരുമായിരിക്കാം. പക്ഷേ വളരെയധികം വിദ്യാർത്ഥികളും ഇക്കാര്യത്തിൽ ഉണ്ട്. അതുപോലെതന്നെ ഒന്നും രണ്ടും വർഷ എം. ബി. ബി. എസ്, ന്നും രണ്ടും മൂന്നും വർഷ എഞ്ചിനീയറിംഗ്, ബി. എഡ്., എം. എഡ്, എം. എ., എം. എസ്സ്. സി., എം. കോം., എൽ. എൽ. ബി. തുടങ്ങിയ പരീക്ഷകളും എന്നാരംഭിക്കുമെന്നുപോലും നിശ്ചയമില്ല. ഇപ്പോഴാണ് അതിന്റെ ഷെഡ്യൂളുകൾ പറയുന്നത്. ആ പരീക്ഷകളേ നടന്നിട്ടില്ല. നമ്മുടെ വിദ്യാഭ്യാസരംഗത്തു യാതൊരു സ്തംഭനവുമില്ല, അതുകൊണ്ട് ഈ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇതൊന്നുമൊരു സ്തംഭനമല്ലേ? ഇത് നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെ നശിപ്പിക്കുന്ന കാര്യമല്ലേ? ഇത് നാം ഗൗരവമായി ആലോചിക്കേണ്ട കാര്യമല്ലേ? പ്രൊഫഷണൽ കോഴ്സുകളിലും പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകളിലുമായി ഏകദേശം എഴായിരത്തോളം വിദ്യാർത്ഥികളുണ്ട്. ഇതിനെയൊക്കെ വാല്യുവേഷൻ നടന്നുകഴിഞ്ഞു, റിസൽട്ട് ഇതുവരെ വന്നില്ല. അങ്ങ് കുറച്ചു ദിവസ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുമുമ്പുള്ള 'കേരള കൗമുദി' പത്രത്തിലെ മുഖപ്രസംഗം ഒന്നു വായിച്ചുനോക്കൂ. അതുപോലെതന്നെ ഇന്നത്തെ 'മലയാള മനോരമ' പത്രത്തിലെ മുഖപ്രസംഗം വായിച്ചു നോക്കൂ. അതിലെ ഒന്നുരണ്ട് ഭാഗങ്ങൾ ഞാൻ വായിക്കാം. ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. അങ്ങയുടെ അനുവാദത്തോടുകൂടി ഞാനിത് വായിക്കാം.

'പ്രഖ്യാപനം ചെയ്യപ്പെട്ട ഫലങ്ങളുടെ വിശ്വാസ്യത ഇനിയും തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു. മലയാള മനോരമ ഏതായാലും ഈ ഗവൺമെൻറിനെ വഴിവിട്ട് വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്ന പത്രമാണെന്ന് ആരും പറയുമെന്നെനിക്കു തോന്നുന്നില്ല. മുഖ്യമന്ത്രി പറയുന്നു ചിലപ്പോഴൊക്കെ അങ്ങനെ ചെയ്യാറുണ്ടെന്ന്. എനിക്കറിയില്ല, കേരള യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷയെ സംബന്ധിച്ചിടത്തോളം ഗഡുക്കളായിട്ടാണ് പരീക്ഷാഫലങ്ങൾ പുറത്തുവന്നത്. ഇനിയും വലിയൊരുഭാഗം വിദ്യാർത്ഥികളുടെ പരീക്ഷാഫലം അറിയിച്ചിട്ടില്ല. അത് എന്നെയ്ക്കു തയ്യാറാവുമെന്നു സർവ്വകലാശാലയുമായി ബന്ധപ്പെട്ടവർക്കുപോലും പറയാനാവുന്നില്ലെന്ന ലജ്ജാവഹവും തികച്ചും ഖേദകരവുമായ സ്ഥിതിവിശേഷമാണു നിലനിൽക്കുന്നത്. പ്രാഥമികവിദ്യാലയത്തിൽ ചേർന്ന നാംതൊട്ട് പരീക്ഷയായ പരീക്ഷയിലെല്ലാം അഭിമാനാർഹമായ ഉയർന്ന മാർക്ക്നേടി വിജയിച്ചുപോന്ന കുട്ടികൾ പടുതോൽവിയടഞ്ഞതായി കാണുക; തോൽവിമാത്രം പ്രതീക്ഷിച്ചവർ ഒന്നാംക്ലാസ്കാരായി ഉയരുക—ഇങ്ങനെ മറിമായങ്ങൾ പലതും അറിഞ്ഞിടത്തോളം ഫലങ്ങളിൽ പ്രകടമാണ്. ഇങ്ങനെ ധാരാളം വന്നിട്ടുണ്ട്. ഇതൊക്കെ വളരെ നിസ്സാരമായിട്ടായിരിക്കും ഗവൺമെൻറ് കാണുന്നത്. 'ഇതൊക്കെ മനുഷ്യസാധാരണമായ തെറ്റുകളാണെന്ന് ഉത്തരവാദപ്പെട്ടവരാരും പറയുമെന്നു തോന്നുന്നില്ല. അത്ര ലളിതമായി പറഞ്ഞു തള്ളാവുന്നതാണോ ഇക്കാര്യം? ഈ ഗതികേടിനിടയിൽ, ഉയർത്തിക്കാട്ടുന്ന വിജയശതമാനത്തിന് എന്താണർത്ഥം? പുനഃപരിശോധനയിൽ മാർക്കുകൾ മാറുകയും ജയാപജയങ്ങൾ തലതിരിഞ്ഞു വരികയും ചെയ്യുന്നതിനെപ്പറ്റി എന്തു കരുതണം?' ഇങ്ങനെ പോകുന്നു. ഇപ്പോൾ കേരളസർവ്വകലാശാലയുടെ ഫലപ്രഖ്യാപനത്തിന്റെ വിശ്വാസ്യത തന്നെയും നഷ്ടപ്പെട്ടിരിക്കുന്നു. ഒരുകാര്യം ഞാനങ്ങയോട് പറയാം. ആദ്യ ഗഡുവിൽ പ്രീഡിഗ്രി ഫലപ്രഖ്യാപനം നടത്തിയതിൽ കേരളസർവ്വകലാശാലയിലെ പരീക്ഷാകൺട്രോളറുടെ മകന്റെ റിസൾട്ടും ഉണ്ടായിരുന്നു. എന്നാൽ ആ കുട്ടി ജയിച്ചവരുടെ കൂട്ടത്തിലില്ലായിരുന്നു. അതിനു പറഞ്ഞ കാരണം ഫസ്റ്റ് ഇയർ മാർക്ക് ലിസ്റ്റ് കളഞ്ഞുപോയെന്നോ, കിട്ടിയില്ലെന്നോ, മാറിവച്ചിരിക്കുന്നുവെന്നോ ഒക്കെയാണ്. അതിന്റെ നെറ്റ് റിസൽട്ട് ഒന്നാംവർഷ മാർക്ക്ലിസ്റ്റ് ഇല്ലായിരുന്നുവെന്നായിരുന്നു. രണ്ടാമത്തെ ഗഡു റിസൽട്ട് വന്നപ്പോഴും ആ കുട്ടി പാസ്സായിരിക്കുന്നു. എങ്ങനെയാണ് പാസ്സായതെന്നറിയാമോ? പരീക്ഷാ കൺട്രോളർ തന്റെ മകന് ആദ്യത്തെ വർഷത്തെ പരീക്ഷയിൽ ഇത്രയും മാർക്കുകിട്ടിയിരിക്കുന്നുവെന്നുള്ള ഒരു സർട്ടിഫിക്കറ്റ് കൊടുത്തു. സ്വന്തം മകനുവേണ്ടി സർട്ടിഫിക്കറ്റ് കൊടുത്ത് ജയിപ്പിച്ച അപഹാസ്യമായ ഒരു രീതിയാണ് ഇവിടെ നടന്നത്. അങ്ങനെയാണ് അവർ പേപ്പർ നോക്കുന്നത്. ഇതിന്റെ അൽപ്പത്വത്തെക്കുറിച്ച് ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ സർ. ജീവനക്കാർ ചിലപ്പോൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി പണിമുടക്കിയെന്നിരിക്കും. അങ്ങനെ പണിമുടക്കിയ കേരളയൂണിവേഴ്സിറ്റിയിലെ രണ്ടു ജീവനക്കാരുടെ മക്കളും പരീക്ഷയെഴുതിയിരുന്നു. ചട്ടമനുസരിച്ച് റിസൾട്ട് വരാൻ താമസിക്കുന്നയവസരത്തിൽ മറ്റു കോളേജുകളിലേയ്ക്കോ മറ്റു പ്രൊഫ

LIBRARY ARCHIVES Kerala Legislative Assembly

ഷണൽ കോളേജുകളിലേയ്ക്കോ പ്രവേശനത്തിനുവേണ്ടി അപേക്ഷിക്കുമ്പോഴും അൻപതു രൂപയടച്ച് മാർക്ക് ലിസ്റ്റിന് അപേക്ഷിക്കാവുന്നതാണ്. അപ്പോഴും മാർക്ക് ലിസ്റ്റ് അവർക്ക് ലഭിക്കും, അല്ലെങ്കിൽ കൺസേൺഡ് പ്രിൻസിപ്പലിന് അയച്ചുകൊടുക്കും. അതാണ് ഇന്ന് നിലവിലുള്ള ചട്ടം. എന്നാൽ പണിമുടക്കിയ രണ്ട് ജീവനക്കാരുടെ മക്കൾ മാർക്ക് ലിസ്റ്റിനുവേണ്ടി അപേക്ഷിച്ച് അൻപതു രൂപയും കെട്ടിവച്ചു. ഇന്നുവരെ മാർക്ക് ലിസ്റ്റ് കൊടുത്തിട്ടില്ല. അവർ 87–90 ശതമാനംവരെ മാർക്കുകൾ വാങ്ങിയിട്ടുള്ളവരാണ്. ആ കോളേജിലേക്ക് ഇതുവരെ അയച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. അതേസമയത്ത് പരീക്ഷാ കൺട്രോളറുടെ മകന് ഇല്ലാത്ത പേപ്പറിന് സർട്ടിഫിക്കറ്റ് നൽകി. ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. ഈ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതിനോട് നിങ്ങൾ ചിലപ്പോൾ യോജിക്കില്ലായിരിക്കും. ഈ കുഞ്ഞുങ്ങളുടെ ഭാവി നമുക്ക് നോക്കേണ്ടേ? ഈ രക്ഷകർത്താക്കളുടെ വേദനയിൽ നമുക്ക് പങ്ക് ചേരാൻ കഴിയേണ്ടേ? ഇതെങ്ങനെ തിരുത്താൻ കഴിയുമെന്ന് ആലോചിക്കേണ്ടേ? കെ. എസ്. യു. (ഐ) പ്രസിഡണ്ട് ഇന്നത്തെ കേരള കൗമുദി പത്രത്തിൽ പറഞ്ഞിട്ടുണ്ട് ഇത് പുനഃപരിശോധന നടത്തണമെന്ന്.

'പ്രീഡിഗ്രി ഫലപ്രഖ്യാപനത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റീവാല്യുവേഷൻ ക്യാമ്പുകൾ എത്രയുംപെട്ടെന്ന് ആരംഭിക്കണം. ഈ വിഷയത്തിൽ ഇനിയും കാലതാമസം വരുത്തുന്നത് യൂണിവേഴ്സിറ്റിയുടെ ഉത്തരവാദിത്വത്തിൽനിന്നുള്ള ബോധപൂർവ്വമായ ഒളിച്ചോട്ടമായിരിക്കും. അതുകൊണ്ട് ഉടൻ—പ്രതിപക്ഷ വ്യത്യാസംകൂടാതെ ഈ വിഷയത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ ആളുകളുടേയും ഉൽക്കണ്ഠയും വേദനയും മാറാൻ ഗവൺമെന്റ് ശ്രമിക്കണം. പ്രീഡിഗ്രി പരീക്ഷാഫലം സാധാരണയായി പ്രഖ്യാപിക്കുന്നത് ഒന്നുംരണ്ടും വർഷത്തെ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ്. സാധാരണ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽ നടക്കുന്നത് ആദ്യത്തെ വർഷമുള്ള പരീക്ഷയ്ക്ക് മാർക്കു കുറയുകയാണെങ്കിൽ അത് രണ്ടാമത്തെ വർഷം ഇംപ്രൂവ് ചെയ്യാനുള്ള അവസരമുണ്ട്. ഫൈനൽ റിസൾട്ട് പ്രഖ്യാപിക്കുന്നത് ഇതെല്ലാംകൂടി ചേർത്തിട്ടാണ്. എന്നാൽ കേരള യൂണിവേഴ്സിറ്റി ചെയ്തത് ശരിയാണെന്നോ? അതു കണ്ടില്ല, പകരം 84–ലെ പേപ്പറിൽ ഉള്ള മാർക്കുകൂടെ എടുത്തുകൊണ്ടാണ് റിസൾട്ട് പബ്ലിഷ് ചെയ്തത്. അതിന്റെ ഫലമായുണ്ടായ കെടുതികൾ അനുഭവിക്കുന്ന മുപ്പതിനായിരത്തോളം വിദ്യാർത്ഥികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നും ആനപ്പുറത്തിരിക്കുമെന്നാണ് ചിലർ വിചാരിക്കുന്നത്. ആനപ്പുറത്തിരിക്കുമ്പോൾ അഹങ്കാരം കാണും. ആ അഹങ്കാരത്തിന് കണ്ണില്ല, ഹൃദയവുമില്ല. പക്ഷേ ഈ കുഞ്ഞുങ്ങളുടെ ഭാവിയെയിട്ട് ഇങ്ങനെ പന്താടരുത്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും വികാരങ്ങൾ നിങ്ങൾ മാനിക്കണം. അവരുടെ ഭാവിയെ ഓർത്തെങ്കിലും നിങ്ങൾ തെറ്റു തിരുത്താൻ തയ്യാറാകണം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇതു ചർച്ചചെയ്യണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ വിഷയം ലാഘവബുദ്ധിയോടെ ഗവൺമെന്റ് കണ്ടുവെന്നാണ് ബഹുമാനപ്പെട്ട ബേബി ജോൺ ഇവിടെ സൂചിപ്പിച്ചത്. അതിനെ ലാഘവബുദ്ധിയോടെ ഗവൺമെന്റു കണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. ഈ വർഷം ഇവിടെയുണ്ടായിരുന്ന സാഹചര്യമെന്താണെന്ന് ഈ സഭയ്ക്കും അതുപോലെതന്നെ ഈ നാട്ടിലെ ജനങ്ങൾക്കും അറിയാവുന്ന ഒരു കാര്യമാണ്. സർ, ഒരു പ്രത്യേകത ഇവിടെ നിലനിന്നിരുന്നുവെന്നുള്ള വസ്തുതകൂടി നമ്മൾ വിസ്മരിക്കരുത്. ഇവിടെ അടിയന്തിര പ്രമേയത്തിന് ആധാരമായി അദ്ദേഹം നോട്ടീൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളെക്കുറിച്ച് ഞാൻ ആദ്യം ഇവിടെ മറുപടി പറയുകയുണ്ടായി. വളരെ ചുരുക്കമായിട്ടാണ് അതു പറഞ്ഞത്. അതിൽ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞിരുന്നില്ലെന്ന് അദ്ദേഹം സംസാരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഗാന്ധിജി യൂണിവേഴ്സിറ്റിയിലും മാറ്റിവച്ച പരീക്ഷകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ പരീക്ഷകൾ പൂർത്തിയാക്കിയ കോഴ്സുകളെ സംബന്ധിച്ച് ആ റിസൾട്ടുകൾ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ ബി. കോം. ഫൈനൽ ഇയർ പരീക്ഷയുടെ പേപ്പറുകളുടെ വാല്യുവേഷൻ ഇതിനോടകംതന്നെ പൂർത്തിയായിക്കഴിഞ്ഞു. അതുപോലെതന്നെ അതിന്റെ പരീക്ഷാഫലം അടുത്ത ദിവസങ്ങളിൽ പ്രസിദ്ധീകരിക്കാൻ തയ്യാറായിവരികയാണ്. ഫൈനൽ ഇയർ ബി. എ., ബി. എസ്. സി. പരീക്ഷകളുടെ പേപ്പറുകൾക്ക് സെൻട്രലൈസ്ഡ് വാല്യുവേഷനാണ് ഈ പ്രാവശ്യം ഏർപ്പെടുത്തിയത്. അതിനുകാരണം സമരവും മറ്റും നടന്നതുകൊണ്ട് ഈ പേപ്പറുകൾ അദ്ധ്യാപകർക്ക് അയച്ചുകൊടുത്താൽ അത് അവർക്ക് കിട്ടാൻ താമസിക്കുമെന്നുള്ളതാണ്. സാധാരണ ബി. എ., ബി. എസ്. സി. പരീക്ഷയ്ക്ക് സെൻട്രലൈസ്ഡ് വാല്യുവേഷൻ ഏർപ്പെടുത്താറില്ല. അതിന്റെ സെൻട്രലൈസ്ഡ് വാല്യുവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് വളരെവേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ എം. എസ്. സി. ജിയോളജിയുടേയും എം. എസ്. സി. ഹോം സയൻസിന്റേയും റിസൾട്ട് ഇതിനോടകംതന്നെ പബ്ലിഷ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. മറ്റു പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന്റെ നടപടിക്രമങ്ങൾ അതിന്റെ അവസാന സ്റ്റേജിലെത്തി നിൽക്കുകയാണ്. മാറ്റിവച്ച എൽ. എൽ. ബി. പരീക്ഷയും ഫസ്റ്റ് ഇയർ എം. ബി. ബി. എസ്. പരീക്ഷയും എഞ്ചിനീയറിംഗ് പരീക്ഷയും ഇതിനോടകംതന്നെ ഷെഡ്യൂൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ആ പരീക്ഷകളെല്ലാംതന്നെ ഈ മാസം അവസാനത്തോടുകൂടി ആരംഭിക്കത്തക്ക നിലയിലാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. അതാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ മാറ്റിവച്ച പരീക്ഷകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ. അദ്ദേഹം പറഞ്ഞ മറ്റ് ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ പ്രസിദ്ധീകരിച്ച റിസൾട്ടിനെ സംബന്ധിച്ചാണ്. ആ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചിരുന്നു. അതിനെ ഏതെങ്കിലും നിലയിലുള്ള ഒരു ലാഘവബുദ്ധിയോടുകൂടി ഗവൺമെന്റ് കണ്ടിട്ടില്ല. അദ്ദേഹവും ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി ഇരുന്നിട്ടുള്ള ആളാണ്. സർ, യൂണിവേഴ്സിറ്റികളുടെ പരീക്ഷാ നടത്തിപ്പും പരീക്ഷാ നടപടിക്രമങ്ങളും എന്താണെന്ന് എന്നെപ്പോലെ വ്യക്തമായി അറിയാവുന്ന ബഹുമാന്യവ്യക്തിയാണ് അദ്ദേഹം. യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്ന കാര്യത്തിൽ പ്രത്യക്ഷമായി ഗവൺമെന്റിന് ഇടപെടാൻ കഴിയുകയില്ല. നമ്മുടെ യൂണിവേഴ്സിറ്റിയുടെ നിയമഘടനതന്നെ അതാണ് അനുശാസിക്കുന്നത്. യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പ് യൂണിവേഴ്സിറ്റികളിലാണ് പൂർണ്ണമായി നിക്ഷിപ്തമായിട്ടുള്ളത്. അതുകൊണ്ട് ഗവൺമെന്റിന് ഉത്തരവാദിത്വമില്ല എന്നല്ല ഞാൻ പറയുന്നത്. ഗവൺമെന്റിന് ആ കാര്യത്തിൽ ഉത്തരവാദിത്വ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. ഈ സംസ്ഥാനത്തു നടക്കുന്ന കാര്യങ്ങളെ അർഹിക്കുന്ന ഗൗരവത്തിൽ കാണേണ്ടതും അതിനകത്ത് എന്തെങ്കിലും പാകപ്പിഴകളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികളെ സ്വീകരിക്കേണ്ടതുമാണ്. അതിനുള്ള നടപടികളെ ഗവൺമെന്റ് സ്വീകരിച്ചിട്ടുമുണ്ട്. ഇവിടെതന്നെ കേരളയൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാ ഫലപ്രസിദ്ധീകരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനും അതുപോലെതന്നെ ബഹുമാനപ്പെട്ട എ. വി. താമരാക്ഷനും ഈ സഭയിൽ രണ്ടു സന്ദർഭങ്ങളിൽ സബ്മിഷൻസായിട്ടും അടിയന്തിരപ്രമേയമായിട്ടും പ്രശ്നം ഉന്നയിക്കുകയുണ്ടായി. സർ, അന്ന് അവർ ഇവിടെ ഉന്നയിച്ച ചില ആക്ഷേപങ്ങളും അവർ ഉന്നയിച്ച ചില അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടുതന്നെ കേരള യൂണിവേഴ്സിറ്റിയിലെ ബന്ധപ്പെട്ട അധികാരികളെ ഞാൻതന്നെ വിളിച്ചു വരുത്തുകയും അവരുമായിട്ട് ഈ കാര്യങ്ങളെ ചർച്ച നടത്തുകയും ചെയ്തു. അതിനുശേഷം കേരള യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫല പ്രസിദ്ധീകരണത്തെത്തുടർന്നുണ്ടായിട്ടുള്ള പരാതികളെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടിയിട്ട് പ്രത്യേകമായ ഒരു സെൽ ആവിടെ രൂപീകരിച്ചു. അതിനകത്ത് അവിടെ നിലവിലുള്ള സ്റ്റാഫ്തന്നെയാണ് ഉള്ളത്. ഉന്നത ഉദ്യോഗസ്ഥൻമാരും അതുപോലെതന്നെ ബന്ധപ്പെട്ട മറ്റാളുകളും കിട്ടുന്ന പരാതികളെ കൃത്യമായിതന്നെ പ്രോസസ്സ് ചെയ്യുകയാണ്. ആ പരാതികൾക്ക് ആധാരമായി ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് അതിന്റെ കാര്യങ്ങളെന്താണെന്ന് പരാതിക്കാരെ അറിയിക്കുകയും ചെയ്യും.

അതുപോലെതന്നെ പ്രീഡിഗ്രി പരീക്ഷാ ഫലത്തിന്റെ റീവാല്യൂവേഷനെ സംബന്ധിച്ചിടത്തോളം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റീവാല്യൂവേഷൻ നടത്താനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. റീവാല്യൂവേഷൻ എല്ലാവർഷവും നടത്താറുണ്ട്. റീവാല്യൂവേഷനുവേണ്ടി ഫീസടച്ചുകഴിഞ്ഞാൽ റീവാല്യൂവേഷൻ നടത്താൻവേണ്ടി അത് അദ്ധ്യാപകർക്ക് അയച്ചുകൊടുക്കുകയാണ് പതിവ്. ഈ പ്രാവശ്യം അതിൽനിന്നു വ്യത്യസ്തമായി റീവാല്യൂവേഷൻ ആവശ്യപ്പെടുന്ന കുട്ടികൾക്കുവേണ്ടി സെൻട്രലൈസ്ഡ് വാല്യൂവേഷനായിതന്നെ റീവാല്യൂവേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ഇതുമൂലമുണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റൊരുകാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് ഒന്നും രണ്ടും വർഷ ബി. എ., ബി. എസ്. സി., പരീക്ഷകൾ യഥാസമയത്തു നടത്താത്തതുകൊണ്ട് കുട്ടികളുടെ ഭാവി താറുമാറാകാനുള്ള സാദ്ധ്യതയുണ്ടെന്നാണ്. സർ, അങ്ങനെ വരികയില്ല. ഒന്നും രണ്ടും വർഷ പരീക്ഷകളും ഇടയ്ക്കു നടക്കുന്ന പരീക്ഷകളാണ്. അത് അൽപ്പം താമസിച്ചു പോയതുകൊണ്ടോ റിസൾട്ട് അൽപ്പം വൈകിയതുകൊണ്ടോ ബുദ്ധിമുട്ടില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി തോൽക്കുന്ന വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ പരീക്ഷ എഴുതാനുള്ള സാഹചര്യം നഷ്ടപ്പെടുമെന്നുള്ളതാണ്. സ്വാഭാവികമായും യൂണിവേഴ്സിറ്റിക്കുതന്നെ അത് നീട്ടിക്കൊടുക്കാൻ കഴിയും. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി ഉന്നത വിദ്യാഭ്യാസമാഗ്രഹിക്കുന്ന പല കുട്ടികൾക്കും അതിനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നുവെന്നുള്ളതാണ്. കേരളത്തിൽ അതുണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും ഇതിനോടകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എൻട്രൻസ് പരീക്ഷയുടെ റിസൾട്ട്സ് പ്രീഡിഗ്രി പരീക്ഷാഫലത്തിന്റെ മാർക്ക് ലിസ്റ്റുകൾ കുട്ടികൾക്ക് കിട്ടിക്കഴിഞ്ഞതിനുശേഷമേ പബ്ലിഷ് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നുള്ളൂ. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം കഴിഞ്ഞമാസം 22-ാം തീയതി വന്നതാണ്. ആ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതിനെക്കുറിച്ച് പരാതികളൊന്നുംതന്നെ വന്നിരുന്നില്ല. എന്താണെങ്കിലും ആ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലും കേരളത്തിലെ എല്ലാ കോളേജുകളിലും ഈ മാസാവസാനം വരെ ഡിഗ്രി അഡ്മിഷനുള്ള അപേക്ഷകൾ സ്വീകരിക്കാനുള്ള തീയതി നീട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എവിടെയെങ്കിലും ഏതെങ്കിലും കാരണവശാൽ മാർക്കുലിസ്റ്റുകൾ കിട്ടാനുള്ള കാലതാമസം വന്നാൽ ആ തീയതി വീണ്ടും നീട്ടിക്കൊടുക്കാനും നമുക്കു സാധിക്കുന്നതാണ്. അങ്ങനെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുപോലെതന്നെ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനമാഗ്രഹിക്കുന്ന അർഹതപ്പെട്ട മുഴുവൻ കുട്ടികൾക്കും പ്രവേശനം കൊടുക്കാനുള്ള നടപടിക്രമങ്ങളും ഇതുമായി ബന്ധപ്പെടുത്തിതന്നെ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രൊഫഷണൽ കോളേജുകളായ എഞ്ചിനീയറിംഗ് കോളേജുകളിലും അതുപോലെതന്നെ മെഡിക്കൽ കോളേജുകളിലും പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് പ്രവേശനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ന് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലും ആ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരുസംഗതി സംസ്ഥാനത്തിനു പുറത്തുപോകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചാണ്. പുറത്തുപോകുന്ന വിദ്യാർത്ഥികളിൽ മാർക്ക് ലിസ്റ്റയച്ചുകൊടുക്കാൻ കഴിയാതെ വന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാത്രമേയുള്ളൂ. ഗാന്ധിജി യൂണിവേഴ്സിറ്റിക്കും കേരള യൂണിവേഴ്സിറ്റിക്കും അത് ആവശ്യപ്പെട്ട ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അയച്ചുകൊടുക്കാൻ കഴിഞ്ഞു.

ശ്രീ. ബേബി ജോൺ: സർ, ഇവിടെ രണ്ടു ജീവനക്കാരുടെ മക്കൾ അപേക്ഷിച്ചിട്ട് ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: അത് അങ്ങയുടെ അറിവിൽ നിന്ന് പറയുന്നതായിരിക്കും. ഇപ്പോൾ അങ്ങ് പറഞ്ഞാണ് ഞാൻ കേട്ടത്. ഏതായാലും ഇതിനെപ്പറ്റി ഞാൻ അന്വേഷിക്കാം. ഗാന്ധിജി യൂണിവേഴ്സിറ്റിയിലും കേരള യൂണിവേഴ്സിറ്റിയിലും പുറത്തു പോകണമെന്ന് ആഗ്രഹിച്ച വിദ്യാർത്ഥികൾക്ക് സാധാരണ കൊടുക്കാറുള്ളതുപോലെ കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റ് അയച്ചുകൊടുക്കുകയും അതുവഴി അവർക്ക് പ്രവേശനം കിട്ടുകയും ചെയ്തിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞ 'മലയാള മനോരമ' പത്രത്തിൽ വന്ന കാര്യവും അർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ ഗവൺമെന്റ് എടുക്കുന്നുണ്ട്. അങ്ങ് നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അങ്ങേയ്ക്കുള്ളതുപോലെതന്നെ ഉൽക്കണ്ഠയും താൽപ്പര്യവും ഞങ്ങൾക്കുമുണ്ട്. ഞങ്ങളാരും ഇതിന് വിരുദ്ധരായിട്ടുള്ള ആളുകളല്ല. ഇവിടെ നടന്നിട്ടുള്ള കാര്യങ്ങൾ എന്താണെന്നുള്ളത് വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ ദയവായി അംഗങ്ങൾ തയ്യാറാകുമെന്ന പ്രതീക്ഷ എനിക്കുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം. കേരള യൂണിവേഴ്സിറ്റിയിലെ പ്രീ-ഡിഗ്രി പരീക്ഷാഫലമാണല്ലോ ഇവിടെ വിവാദം സൃഷ്ടിച്ചിരിക്കുന്ന പ്രശ്നം. ഇതിനുമുമ്പ് ഇവിടെ യൂണിവേഴ്സിറ്റിയിൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ച അവസരങ്ങളിൽ ധാരാളം ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഈ വർഷം മാത്രമല്ല; പലപ്പോഴും വന്നിട്ടുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പല സന്ദർഭങ്ങളിൽ ആക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

പങ്ങൾ വന്നിട്ടുണ്ട്. എം. പി. മേനോൻ കമ്മീഷനെ നിയമിക്കാൻ തന്നെ ഉണ്ടായ കാരണം മാർക്കു തട്ടിപ്പും ഇവിടെയുണ്ടായ കൃത്രിമങ്ങളുമാണ്. ഞാൻ അതിലോട്ട് കടക്കുന്നില്ല. അങ്ങനെയുള്ള സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായിരുന്നു. ഞാൻ അത് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഈ വർഷമുണ്ടായ ഒരു പ്രത്യേകത എന്നു പറഞ്ഞാൽ, ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. പ്രീ—ഡിഗ്രി പരീക്ഷയ്ക്ക് ഫാക്സ് നമ്പരിട്ടാണ് പേപ്പർ അയയ്ക്കുന്നത്. ഈ വർഷം പരീക്ഷ എഴുതിയതിൽ ഡയൻസ് കാൻഡിഡേറ്റ്സിൽ ഇവിടെ അദ്ദേഹം പറഞ്ഞു ആദ്യം കുറെ കുട്ടികളുടെ റിസൾട്ട് വന്നില്ല, വന്ന കുട്ടികളുടേതുതന്നെ പൂർണ്ണമല്ലായെന്ന്—3,000 സയൻസ് കാൻഡിഡേറ്റ്സിന് സ്റ്റേറ്റ്—ഇൻ—സ്ട്രൈക്കു കാലത്ത് ഒരു ഫാക്സ് നമ്പർതന്നെ രണ്ടു കുട്ടികൾക്ക് ഇട്ടു കൊടുത്തു. അതായത് 3,000 നമ്പർ അടിക്കേണ്ട സ്ഥാനത്ത് 1,500 നമ്പർ അടിച്ച്, ഫാക്സ് നമ്പർ ഇട്ടു കൊടുത്തു. അങ്ങനെ ഒരു ഫാക്സ് നമ്പർ തന്നെ രണ്ടു പേപ്പറുകൾക്ക് ഇട്ടുകൊടുത്ത സാഹചര്യത്തിൽ ആ ഫാക്സ് നമ്പർ ഏതാണെന്ന് കണ്ടുപിടിക്കുവാൻ കുറെ സമയം വേണ്ടി വന്നു..... (ബഹളം) .....

സർ, ഇവിടെ ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞു, പരീക്ഷാ കൺട്രോളറുടെ മകന് പ്രത്യേകം മാർക്ക് കൊടുത്തുവെന്ന്. അദ്ദേഹത്തിന് കിട്ടിയ അറിവു വച്ചുകൊണ്ടായിരിക്കും അദ്ദേഹം പറഞ്ഞത്. എനിക്ക് ഇവിടെ ഔദ്യോഗികമായി ലഭ്യമായ വിവരം വച്ചുകൊണ്ടാണ് സഭയുടെ മുമ്പാകെ ഞാൻ പറയുന്നത്. പറയുന്ന കാര്യങ്ങളിൽ എനിക്ക് ഉത്തരവാദിത്വമുണ്ട്. ഇത് സഭയിലെ അംഗങ്ങൾ അറിയുകയും ജനങ്ങൾ അറിയുകയും ചെയ്യേണ്ടതാണ്. നമ്മുടെ കുട്ടികളെക്കുറിച്ചുള്ള വിചാരമാണ് അല്ലെങ്കിൽ താൽപ്പര്യമാണ്. നമുക്കെങ്കിൽ ഇവിടെ സമരം നടക്കുകയാണ്. ഞാൻ സമരത്തിന് എതിരല്ല. സമരം നടത്താനുള്ള അവകാശം ഒരു ജനാധിപത്യ രാഷ്ട്രമായ ഇൻഡ്യയിലുണ്ട്. നമ്മുടെ സംസ്ഥാനത്തിനുണ്ട്. ഏതു സമരമാർഗ്ഗവും ആർക്കും അവലംബിക്കാം. പക്ഷെ ഇവിടെ കാണിക്കുന്ന ഈ ഉൽക്കണ്ഠയും ആകാംക്ഷയും, ഞാൻ ചോദിക്കട്ടെ, 3,000 കുട്ടികളുടെ പേപ്പറിൽ 3,000 നമ്പർ അടിക്കേണ്ടതിനു പകരം 1,500 നമ്പർ അടിച്ച ആളുകളെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണമെന്താണ്? അവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്. അവരുടെ പേരിൽ നടപടി സ്വീകരിക്കുമ്പോഴാണ് നിങ്ങൾ നടപടി സ്വീകരിക്കുവാൻ പാടില്ലെന്നു പറയുന്നത്.

സർ, അതുപോലെതന്നെ അവിടെയുണ്ടായ മറ്റൊരു സംഗതി, ഫസ്റ്റ് ഇയർ എക്സാമിനേഷൻ എഴുതിയശേഷം ഇംപ്രൂവ്മെന്റിനുള്ള സൗകര്യമുണ്ട്. ഇംപ്രൂവ്മെന്റ് എഴുതുന്ന കുട്ടികളെ സംബന്ധിച്ച് ശ്രീ. ബേബിജോൺ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇംപ്രൂവ്മെന്റ് എഴുതുന്ന കുട്ടികളുടെ കാര്യത്തിൽ നമ്മൾ എടുത്തു കൊണ്ടിരിക്കുന്ന നടപടിയെന്നു പറയുന്നത്, ഒരു കുട്ടി ഇംപ്രൂവ്മെന്റിനു വേണ്ടി എഴുതുന്ന പേപ്പറിൽ മാർക്ക് കൂടുതൽ കിട്ടുകയാണെങ്കിൽ ആ കൂടുതൽ കിട്ടുന്ന മാർക്ക് അടുത്ത പരീക്ഷയ്ക്ക് കൂട്ടിച്ചേർക്കും. കുറവാണെങ്കിൽ പഴയ മാർക്കുതന്നെ നിലനിർത്തുകയും ചെയ്യും. ഇതാണ് നമ്മുടെ ഇംപ്രൂവ്മെന്റിനെ സംബന്ധിച്ചുള്ള നടപടിക്രമം. ഈ കഴിഞ്ഞ വർഷം നടത്തിയ ഇംപ്രൂവ്മെന്റിന്റെ മാർക്ക് ലിസ്റ്റ്, അല്ലെങ്കിൽ കഴിഞ്ഞ വർഷത്തെ മാർക്ക് ലിസ്റ്റ് അത് കൈകാര്യം ചെയ്തിരുന്ന സെക്ഷനിൽനിന്ന് എടുത്ത് സെക്കൻഡ് ഈയർ പരീക്ഷയുടെ ടാബുലേഷൻ നടക്കേണ്ട സെക്ഷനിൽ കൊടുക്കേണ്ടിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുത്തതിൽത്തന്നെ ടാബുലേഷൻ ഷീറ്റുകളും പലതും മാറ്റിവയ്ക്കുകയുണ്ടായി. ആ ടാബുലേഷൻഷീറ്റ്സ് കണ്ടെടുക്കാൻ കഴിയാതെ വന്നു.....(ബഹളം).....ഇതിന്റെ ഏറ്റവും അടിസ്ഥാന രേഖയായ നോമിനൽ റോൾസ് പലതും വയ്ക്കേണ്ട സ്ഥാനങ്ങളിൽ വയ്ക്കാതെയും ഡിസ്പോസ് ചെയ്തിരുന്ന ഫയലുകളിൽ കൊണ്ടുവയ്ക്കുകയും ചപ്പുചവറുകൾ കൂട്ടിയിട്ടിരുന്ന കൂനയ്ക്കകത്തുവരെ കൊണ്ട് ഒളിച്ചുവയ്ക്കുകയും ചെയ്തു. .....ബഹളം.... സർ, ഞാൻ ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞ കാര്യങ്ങൾക്കാണ് മറുപടി പറയുന്നത്. വേറെ ഒന്നുമല്ല. ഇവിടെ സമരം ആരംഭിച്ചതിനെത്തുടർന്ന് വാല്യുവേഷൻ ക്യാമ്പുകൾ രണ്ടാമത് സ്റ്റാർട്ട് ചെയ്യുകയുണ്ടായി. ആ വാല്യുവേഷൻ ക്യാമ്പുകളിൽ ചെന്നവർക്ക് കാണാൻ കഴിഞ്ഞത് സാധാരണ വാല്യു ചെയ്ത പേപ്പറുകൾ ഒരു കവറിലാക്കി സീൽ ചെയ്തു വയ്ക്കുകയാണ് പതിവ്. വാല്യു ചെയ്ത പേപ്പറുകളുടെ കൂട്ടത്തിൽ വാല്യു ചെയ്യാത്ത പേപ്പറുകൾ കൂട്ടിക്കുഴച്ചിരിക്കുന്നതായിട്ടാണ്.....തടസ്സം.....അങ്ങനെയുള്ള പേപ്പറുകൾ പോലും കണ്ടെടുത്ത് കൃത്യമായിത്തന്നെ, മാറ്റി വച്ച പേപ്പർ കൂട്ടി വാല്യു ചെയ്ത് മാർക്ക് ലിസ്റ്റുകൾ തയ്യാറാക്കുകയുണ്ടായി. ഇങ്ങനെ മിസ് പ്ലേസ്ഡായി വച്ചിരുന്ന ടാബുലേഷൻ ഷീറ്റ്സും നോമിനൽ റോൾസും അതിന്റെ ഡ്യൂപ്ലിക്കേറ്റ്സ് വീണ്ടും കണ്ടെടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടാണ് റിസൾട്ട് കഴിഞ്ഞ 1-ാം തീയതി പ്രസിദ്ധീകരിച്ചത്. സ്വാഭാവികമായും ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടാകാത്തതാണ്. അങ്ങനെ ഒരവസ്ഥാവിശേഷം ഉണ്ടായപ്പോഴാണ് ഈ നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചത്. എന്താണെങ്കിലും ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറയുമ്പോൾ ആ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കുന്ന ഫലം കുറ്റമറ്റതായിരിക്കണമെന്ന് യൂണിവേഴ്സിറ്റി അധികാരികൾക്കും കുറ്റമറ്റതായ ഫലം വരണമെന്ന് ഗവൺമെന്റിനും ആഗ്രഹമുണ്ട്. ഞങ്ങളാരും കുറ്റമുള്ള പരീക്ഷാഫലം വരണമെന്ന് ആഗ്രഹിക്കുന്നവരല്ല. ഞാൻ ഇവിടെ വിശദീകരിച്ച ഈ സാഹചര്യങ്ങൾ നിലനിന്നതുകൊണ്ടാണ് പരീക്ഷാഫലം പ്രസിദ്ധീകരണത്തിൽ അൽപ്പം ചില പോരായ്മകൾ വന്നത്. എന്താണെങ്കിലും അതിന്റെ മുഴുവൻ ഗൗരവവും ഉൾക്കൊണ്ടുതന്നെയാണ് യൂണിവേഴ്സിറ്റിയിൽ ഇതിനെ സംബന്ധിച്ച് പ്രത്യേകമായി ഒരു സെൽ രൂപീകരിച്ചത്. ആ സെൽ പരിശോധിക്കുക മാത്രമല്ല പരിശോധിച്ച് പരാതിക്കാരായ കുട്ടികൾക്ക് കൃത്യമായി മറുപടികൊടുക്കും. റീവാല്യുവേഷൻ നടത്തണമെന്ന് ആവശ്യപ്പെടുന്ന കുട്ടികൾക്ക് പേപ്പറുകൾ റീവാല്യു ചെയ്തുകൊടുക്കും. വാല്യുവേഷൻ നടത്തുന്നതു മുഴുവൻ നമ്മുടെ സംസ്ഥാനത്തിലെ കോളേജുകളിൽ പഠിപ്പിക്കുന്ന അർഹരായിട്ടുള്ള അദ്ധ്യാപകരാണ്. ഒരു ക്യാമ്പിൽപ്പോലും നമ്മുടെ കോളേജുകളിലെ അർഹതയുള്ള അദ്ധ്യാപകർ അല്ലാതെ ആരും പേപ്പറുകൾ വാല്യു ചെയ്തിട്ടില്ല. അങ്ങനെ ചെയ്തിട്ടില്ലെന്ന് ആധികാരികമായിത്തന്നെ ഞാൻ പറയുകയാണ്. അർഹതയുള്ള അദ്ധ്യാപകരെത്തന്നെയാണ് നേരത്തെ നമ്മൾ നിശ്ചയിച്ച റോളിൽനിന്നും എടുത്തിട്ടുള്ളത്. യൂണിവേഴ്സിറ്റി തയ്യാറാക്കുന്ന ലിസ്റ്റിൽപ്പെടുന്ന കോളേജിൽ പഠിപ്പിക്കുന്ന പ്രൊഫസർമാരും ലക്ചറർമാരും അടങ്ങുന്ന ആളുകൾ തന്നെയാണ് രണ്ടാമതും വാല്യുവേഷൻ ക്യാമ്പുകളിൽ പോവുകയും പേപ്പർ പരിശോധിക്കുകയും വാല്യുവേഷൻ പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നത്. അങ്ങനെയാണ് വാല്യുവേഷൻ കംപ്ലീറ്റ് ആക്കിയിരിക്കുന്നത്. ടാബുലേഷൻ നടത്തിയത് എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ടാബുലേഷൻ നടത്താൻ. ഇവിടെ നിയോഗിക്കാറുള്ള ആളുകളിൽ കുറെപ്പേർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ടാബുലേഷൻ വർക്കു ചെയ്യാൻ കോളേജുകളിലെ അദ്ധ്യാപകരോ യൂണിവേഴ്സിറ്റിയിലെ ആളുകളോതന്നെ വേണമെന്ന് നിർബന്ധമില്ല. സാമാന്യബുദ്ധിയും വിവരവുമുള്ള ആർക്കും ചെയ്യാം.....(തടസ്സം).....ടാബുലേഷൻ വർക്കുകം ചെയ്യാൻ അറിയാവുന്ന ആളുകളെക്കൊണ്ടുതന്നെ യൂണിവേഴ്സിറ്റി അധികാരികൾ ചെയ്യിച്ചു. ഈ ജോലി ചെയ്യാൻ പ്രാപ്തരായിട്ടുള്ള ആളുകളെക്കൊണ്ടാണ് ടാബുലേഷൻ ജോലികൾ ചെയ്യിച്ചിരിക്കുന്നത്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഞാൻ ആദ്യം പറഞ്ഞതുപോലെ പരാതികൾ വീണ്ടും പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എനിക്ക് ഒരു കാര്യം അഭ്യർത്ഥിക്കുവാനുള്ളത്, യൂണിവേഴ്സിറ്റിയുടെ വിശ്വാസം നഷ്ടപ്പെടുന്ന നിലയിലേക്ക് നമ്മൾ പോകരുതെന്നാണ്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഗൗരവപൂർവ്വമായി നടപടികൾ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ വിശദീകരണം കണക്കിലെടുത്തുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ല; നിഷേധാത്മകമാണ്. ഈ അസംബ്ലിയിൽ തന്നെ ഈ പ്രതിസന്ധി രമ്യതയിൽ പരിഹരിക്കാൻ വേണ്ടി ഞങ്ങൾ——പ്രതിപക്ഷം ധർണ്ണ നടത്തുകയുണ്ടായി. കഴിഞ്ഞ 9, 10, 11, തീയതികളിൽ നിരാഹാര സത്യാഗ്രഹം നടത്തി. അതിനുശേഷം 10 ദിവസത്തോളം അസംബ്ലി നിർത്തിവച്ചു. ഈ അടിസ്ഥാനത്തിൽ കൂടിയാലോചിച്ച് പ്രശ്നം പരിഹരിക്കാൻ വേണ്ടി പ്രതിപക്ഷനേതാക്കളും രേണമുന്നണിയിൽ മുഖ്യമന്ത്രിയും ഉൾപ്പെടെ ഇതിനെപ്പറ്റി ചർച്ചചെയ്തു. ഇപ്പോഴും അത് പരിഹരിക്കാതെ പ്രതികാരനടപടികൾ സ്വീകരിക്കുകയാണ്. റീവാല്യുവേഷൻ സംബന്ധിച്ച് ഏകപക്ഷീയമായി, സേച്ഛാധിപത്യപരമായ സമീപനം, മാത്രമല്ല, തൃശ്ശൂർ മുതൽ കാസർകോട് വരെയുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയെസംബന്ധിച്ച് ഇപ്പോഴും റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. 25—ം തീയതി എന്ന് പറഞ്ഞു. 25—ന് ഒരു തീരുമാനവും ആയില്ല. കഴിഞ്ഞ പ്രാവശ്യം തന്നെ സത്യവിരുദ്ധമാണ് ഇവിടെ പ്രസ്താവിച്ചത്. രാവിലെ 8 മണിക്ക് പ്രസിദ്ധപ്പെടുത്തിയെന്നു പറഞ്ഞിട്ട് വൈകുന്നേരം 6 മണിവരെയും പ്രസിദ്ധപ്പെടുത്തിയില്ല. അങ്ങനെ സത്യവിരുദ്ധമായ പ്രസ്താവന ചെയ്യുന്ന ഒരു മന്ത്രിയുടെ വാക്ക് വിശ്വസിക്കാൻ കഴിയുകയില്ല. കാട്ടാന കരിമ്പിൻ തോട്ടത്തിൽ കയറിയതുപോലെയാണ്, ഈ മന്ത്രി വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിച്ചിട്ടുള്ളത്. ഇതാണ് ഇന്നത്തെ സ്ഥിതി. എന്നിട്ട് മന്ത്രി പറഞ്ഞു.....(ബഹളം).....മന്ത്രിക്ക് ഒരു മണിക്കൂർ കൊടുക്കാമെങ്കിൽ.....ബഹളം).....

മി. സ്പീക്കർ: മന്ത്രിക്ക് ഒരു മണിക്കൂറൊന്നും കൊടുത്തില്ല. അങ്ങ് പറയുന്നത് ശരിയല്ല.....(ബഹളം).....ബഹുമാനപ്പെട്ട ബേബിജോൺ 15 മിനിറ്റു സംസാരിച്ചു. മിനിസ്റ്റർ 61 മിനിറ്റ് സംസാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: വിദ്യാഭ്യാസമേഖല മുഴുവൻ കുഴപ്പത്തിലേക്ക് തള്ളിവിട്ടിട്ട് അത് പരിഹരിക്കാനുള്ള നടപടിയല്ല ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ആ പ്രശ്നം എങ്ങനെയെങ്കിലും പരിഹരിക്കണം. പ്രതികാരനടപടികളും അവസാനിപ്പിക്കണം. ഇവിടത്തെ വിദ്യാഭ്യാസമേഖലയാകെ തകർത്തിരിക്കുകയാണ്. അത് അവസാനിപ്പിക്കാനുള്ള നടപടിയെടുക്കാൻ ഒരു ദിവസം ചർച്ചചെയ്യണം. ചർച്ച ചെയ്യാൻ നിവൃത്തിയില്ലെന്നുള്ള സ്പീക്കറുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത്രയും ഗൗരവമായിട്ടുള്ള ഈ കാര്യം ചർച്ചചെയ്യാൻ സമയം അനുവദിക്കാത്തതിൽ ശക്തമായ പ്രതിഷേധമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്പീക്കറുടെ തീരുമാനത്തിൽ പ്രതിഷേധിക്കാൻ ഈ സഭയ്ക്ക് അവകാശമില്ല. അത് രേഖയിൽനിന്നു നീക്കം ചെയ്യണം.

ശ്രീ. കെ. പി. പ്രഭാകരൻ: അത് മുഖ്യമന്ത്രി ശ്രദ്ധിക്കാഞ്ഞിട്ടാണ്. അത് ചർച്ച ചെയ്യാൻ അവസരം തരാത്ത വിദ്യാഭ്യാസമന്ത്രിയുടെ നിലപാടിലാണ് പ്രതിഷേധം.....(ബഹളം).....സർ, ഈ കേരള യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം പ്രഖ്യാപിച്ച അന്നുതന്നെ ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതാണ്. അതിനെ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് മന്ത്രി സമീപിക്കുന്നതെന്ന് അങ്ങുതന്നെ പരാമർശനം നടത്തിയതാണ്. ഇപ്പോഴും വീണ്ടും അത് ഇവിടെ ആവർത്തിക്കുക.....അദ്ദേഹം ഇവിടെ പറഞ്ഞ കണക്കനുസരിച്ചു തന്നെ ഒട്ടനവധി ക്രമക്കേടുകളും നടന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അത് ജീവനക്കാരുടെ കുറ്റമാണോ? കാവൽനിന്ന പോലീസുകാരുടെ കുറ്റംകൊണ്ടാണോ? നടത്തിപ്പിൽ വന്ന കുറ്റമാണോ, ഇതൊക്കെയാണ് തർക്കം. ഒന്നുകിൽ മുഖ്യമന്ത്രി ഇതിൽ സമഗ്രമായ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. ഇപ്പോൾ അടിയന്തിര പ്രമേയത്തിന്റെ ചർച്ചയാണ്, നിർത്തിവയ്ക്കാൻ പ്രയാസമാണെങ്കിൽ.....(ബഹളം).....ഇപ്പോൾ പത്തുമുപ്പതിനായിരം കുട്ടികളാണ് റീവാല്യൂവേഷന് വേണ്ടി ഫീസടച്ച് അപേക്ഷിച്ചിട്ടുള്ളത്. ഇത് ഒട്ടാകെത്തന്നെ റീവാല്യൂവേഷൻ നടത്തണമെന്നാണ് വിദ്യാർത്ഥികളുടെ ആവശ്യം. പൊതുജനങ്ങളുടെ വികാരമാണ് മലയാളമനോരമയിലും കേരളകൗമുദിയിലും പ്രകടിപ്പിച്ചിട്ടുള്ളത്. ഈ പരീക്ഷാഫലത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ല. അതുകൊണ്ട് ആ വിശ്വാസത്തിനുവേണ്ടി അത് തെളിയിക്കേണ്ട ചുമതല ഗവൺമെന്റിനുണ്ട്. ഇതിൽ ഒരു ചർച്ചയ്ക്ക് അവസരം തരണം. അത് തരാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരള യൂണിവേഴ്സിറ്റിയും അതുപോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ഇൻഡ്യയിലെ യൂണിവേഴ്സിറ്റികളിൽ വച്ച് മാന്യതയുള്ള യൂണിവേഴ്സിറ്റികളായിരുന്നു. എന്നാൽ ശ്രീ. ജേക്കബിന്റെ പിടിവാശിയും ദുർവാശിയും അദ്ദേഹത്തിന്റെ അൽപ്പത്തവും കൊണ്ട് കേരളത്തിലെ ബിരുദധാരികൾക്ക് ഇൻഡ്യയിൽ ആകമാനം അതിന്റെ മൂല്യത്തിന്, വിലയ്ക്ക് നഷ്ടം വന്നിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം നിയമസഭയിൽ പറഞ്ഞ കാര്യങ്ങൾ പിന്നീട് വിഴുങ്ങേണ്ടിവന്നു. അങ്ങേയ്ക്കുപോലും ഇതിൽ പ്രതികരിക്കേണ്ടി വന്നു. 25—ാം തീയതി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം വരാൻ പോവുകയാണ്. എന്താണ് ആവർത്തിക്കാൻ പോകുന്നത്? യഥാർത്ഥത്തിൽ പരീക്ഷ പാസ്സാകേണ്ടവർ തോൽക്കുകയും തോൽക്കേണ്ടവർ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുകയും ചെയ്തു. ഭാവിതലമുറയ്ക്കും നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിനും ഒരിക്കലും മറ്റൊരാഘാതം തിരുത്തുവാൻ കഴിയാത്ത.....(തടസ്സം).....അദ്ദേഹം പറഞ്ഞു, ഇവിടെ പ്രീഡിഗ്രി പരീക്ഷാഫലം സംബന്ധിച്ച് അവിടെ കടലാസ്സുകൾ മാറ്റി മറിച്ചു. സർ, അവിടെ കയറിയ പോലീസുകാരുടെ ലാത്തിപിടിക്കുന്ന കൈകൾകൊണ്ട് വാല്യുവേഷൻ നടത്താൻ പറഞ്ഞാൽ.....(ബഹളം).....എങ്ങനെയാണ്? തന്റെ കൂട്ടാളികളെ ഇവിടെ കൊണ്ടുവന്ന് വാല്യുവേഷനും ടാബുലേഷനും നടത്തിയാൽ.....യാതൊരു വിവരവുമില്ലാത്ത.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: ആയിരക്കണക്കിന് കുട്ടികളുടെ ഭാവിയാണ് നഷ്ടപ്പെടുന്നത്. റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൽ അപേക്ഷിക്കുന്നതിനുവേണ്ടി മാർക്ക് ലിസ്റ്റിന് അപേക്ഷിച്ചിട്ട് മനഃപൂർവ്വം അത് കൊടുക്കുന്നില്ല.

മി. സ്പീക്കർ: ദയവായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ് അവസാനിപ്പിക്കണം. ചെയറിനെക്കൊണ്ട് മൈക്ക് ഓഫ് ചെയ്യിക്കരുത്. ഇതുവരെ അങ്ങനെയുണ്ടായിട്ടില്ല. ദയവായി അതിന് വഴിയൊരുക്കരുത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടത്തെ വിദ്യാർത്ഥി സംഘടനകളെല്ലാം റീവാല്യുവേഷൻ വേണമെന്ന് ആവശ്യപ്പെടുന്നു. ഈ ഗവൺമെന്റ് അതിനെപ്പറ്റി ചർച്ചചെയ്യാൻ സന്നദ്ധമാണോ? ഇവിടത്തെ യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രശ്നം ചർച്ചചെയ്യണം.

മി സ്പീക്കർ: ഓർഡർ, ഓർഡർ, You are deviating from the point. അങ്ങനെയാണെങ്കിൽ മൈക്ക് ഓഫ് ചെയ്യേണ്ടി വരും. ദയവായി അതിനുള്ള സന്ദർഭം ഉണ്ടാക്കരുത്. അത് ശരിയല്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ ഗവൺമെൻറ് ചർച്ചയ്ക്ക് സന്നദ്ധമാണോ? സന്നദ്ധമായാൽ ഇതിന്റെ കള്ളിവെളിച്ചത്താകുമെന്നുള്ളതുകൊണ്ടാണ് അതിന് തയ്യാറാകാത്തത്. അതിന് ധൈര്യമില്ലാത്തതുകൊണ്ടാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ഷൺമുഖദാസ് ഒയവായി അവസാനിപ്പിക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: ഭാവി തലമുറയെ ബാധിക്കുന്ന കാര്യമാണ്. ഭാവി തലമുറ ഇവർക്ക് മാപ്പുകൊടുക്കുകയില്ല. ഈ ഗവൺമെൻറും ശ്രീ. ജേക്കബും വിദ്യാഭ്യാസ മേഖലയ്ക്ക് ഒരു ശാപമാണ്. ഗവൺമെൻറ് ഇക്കാര്യം ചർച്ചചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി).

ശ്രീ. ബേബി ജോൺ: സർ, പരിചയമുള്ളവരല്ല ടാബുലേഷൻ നടത്തിയതെന്നുള്ള കാര്യം അദ്ദേഹംതന്നെ സമ്മതിച്ചതാണ്. പരിചയമുള്ളവരുടെ സഹകരണം ടാബുലേഷനു തേടിയിരുന്നുവെങ്കിൽ കുറച്ചു കൂടി നന്നായി കാര്യങ്ങളൊക്കെ നടത്താമായിരുന്നു. ഇപ്പോൾ ഉണ്ടായത് എന്താണെന്നറിയാമോ? റെഗുലർ വിദ്യാർത്ഥികളിൽ 4,000 പേരുടെ മാർക്കുലിസ്റ്റ് ഇല്ല. അതുപോലെതന്നെ പ്രൈവറ്റ് കാൻഡിഡേറ്റുകളിൽ 8,000 പേരുടെ മാർക്ക് ലിസ്റ്റില്ല. അത് ടാബുലേറ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ആ 12,000 പേരും തോറ്റതായിട്ടാണ് വന്നിരിക്കുന്നത്. ഇത്രയും ഗൗരവപരമായ ഒരു കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരം നിഷേധിച്ച ഗവൺമെൻറിൻെറ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തെപ്പറ്റി പല പ്രാവശ്യം ഈ സഭയിൽ പറയുന്നു. ഇന്ന് ചില പുതിയ കാര്യങ്ങളും അദ്ദേഹം ഇവിടെ പറഞ്ഞു. ഓരോ തവണ ഇതിനെപ്പറ്റി പറയുമ്പോഴും അദ്ദേഹം പുതിയ പുതിയ കാര്യങ്ങൾ കൊണ്ടുവരികയാണ്. വളരെയധികം സംശയമുണ്ട്. ഇത് എത്രത്തോളം ശരിയാണെന്നുള്ളതിനെപ്പറ്റി. 3,000 പരീക്ഷാപേപ്പറുകൾക്ക് 3,000 നമ്പർ കൊടുക്കുന്നതിനുപകരം, 1500 നമ്പർ കൊടുത്തുവെന്നുള്ളത് ഇതിനു മുൻപ് ഈ സഭയിൽ പ്രസ്താവിച്ചതായി എനിക്ക് ഓർമ്മയില്ല, ഇപ്പോൾ പുതിയതായി ഒരു സംഗതി കൂടി ചമച്ചുകൊണ്ടുവന്നിരിക്കുകയാണ്. സർ, ഒരു പാർട്ടിൽ പരീക്ഷ എഴുതിയവർ 3 പാർട്ടിലും പാസ്സായിട്ടുണ്ട്. 3 പാർട്ടിലും തോൽക്കേണ്ടതായിട്ടുള്ള ആളുകൾ പാസ്സായിട്ടുണ്ട്. 3 പാർട്ടിലും കൂടി ഫസ്റ്റ് ക്ലാസ്സ് കിട്ടേണ്ടവർ തോറ്റിട്ടുണ്ട്. ഇതാണ് സ്ഥിതി. ഈ നിലയിലാണ് വാല്യുവേഷൻ നടന്നിട്ടുള്ളത്. ഇതിനെക്കുറിച്ച് ചർച്ചചെയ്യാൻ അവസരം നിഷേധിച്ച ഗവൺമെൻറിൻെറ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി).

LIBRARY ARCHIVES Kerala Legislative Assembly